(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർവ്വകലാശാല നടത്തുന്ന ബി.എഡ്. കോളേജുകൾ നിലനിർത്തണമെന്നാവശ്യപ്പെട്ട് കൊണ്ട് പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സംഘടനയായ അസോസിയേഷൻ ഓഫ് കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(c)No.2 8138/2014 എന്ന കേസ് ഫയൽ ചെയ്തിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ) 'ബി' പിരിവിന്റെ മറുപടിയോടൊപ്പം ചേർത്തിട്ടുണ്ട്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ

8 (1061) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ നടപടികൾ വിശദമാക്കാമോ ;

(ബി) ഹോം സ്റ്റേഷൻ സംബന്ധിച്ച ദൂരപരിധി, എത്ര കാലം ഹോം സ്റ്റേഷനിൽ തുടരാം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകർ നിശ്ചിത പ്രൊഫോർമയിൽ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യാനുള്ള അപേക്ഷ പ്രിൻസിപ്പാൾ മുഖാന്തരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും.

(ബി) (എ) ഔട്ട് സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിനുള്ള ദൂരപരിധി - ഹോം സ്റ്റേഷനിൽ നിന്നും 250 കി.മീ.-നും 425 കി.മീ.-നും ഇടയിലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1¼ വർഷമായി കണക്കാക്കുന്നതാണ്.

(ബി) ഔട്ട് സ്റ്റേഷൻ സർവ്വീസ്-കണക്കാക്കുന്നതിനുള്ള ദൂരപരിധി-ഹോം സ്റ്റേഷനിൽ നിന്നും 425 കി.മീ.-ൽ കൂടുതലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1½ വർഷമായി കണക്കാക്കുന്നതാണ്.

(സി) സേവനം പൂർത്തിയാക്കുന്ന കാലയളവിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് നൽകുന്നതാണ്.

(ഡി) 3 വർഷം ഔട്ട് - സ്റ്റേഷൻ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള ഒരദ്ധ്യാപകന് ഹോം സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിച്ചാൽ സ്ഥാനക്കയറ്റമോ പ്രതീക്ഷിക്കാതെയുള്ള മറ്റ് ആവശ്യങ്ങളോ ഉണ്ടാകാത്ത പക്ഷം അദ്ദേഹത്തിന് 3 വർഷം ഹോം സ്റ്റേഷനിൽ തുടരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly